# കൂട്ടുകൃഷി മുതൽ കൊയ്ത്തുൽസവം വരെ

**സി. രാജഗോപാൽ, പള്ളിപ്പുറം**



ഇടശ്ശേരി രചിച്ച കൂട്ടുകൃഷി നാടകം പൊന്നാനി നാടകവേദി അവതരിപ്പിച്ചപ്പോൾ

ആറങ്ങോട്ടുകര ദേശത്തിന്റെ കൊയ്ത്തുൽസവമായിരുന്നു ഇക്കഴിഞ്ഞ ഡിസംബർ ഒമ്പതിന്. വിളഞ്ഞ് തോളോടുതോൾ ചാഞ്ഞ് കൊയ്ത്തരിവാളും കാത്തുകിടന്ന കതിർപാടത്തിനരികെ വിശാലമായ പന്തലിട്ടിരുന്നു. നിരത്തിൽനിന്നും കൊയ്ത്തുകണ്ടം വരെയുള്ള വഴി കുരുത്തോലത്തോരണങ്ങൾ കൊണ്ട് അലങ്കരിച്ചിരുന്നു. കൊയ്ത്തുൽസവത്തിന് സ്ഥലമൊരുക്കാനായി മുമ്പേ കൊയ്ത വലിയ കണ്ടത്തിന്റെ ഒരു ഭാഗത്ത് ഉയർന്ന താൽക്കാലിക സ്റ്റാളുകൾ അന്തരീക്ഷത്തിന് ഉത്സവച്ഛായ പകർന്നു. ഗ്രാമത്തിലെ പരമ്പരാഗത കുടിൽ വ്യവസായ നടത്തിപ്പുകാരും കുടുംബശ്രീകളും നിർമ്മിക്കുന്ന കളിമൺ പാത്രങ്ങൾ, കരകൗശല വസ്തുക്കൾ ഈറ-മുള ഉൽപ്പന്നങ്ങൾ, വൈവിധ്യമാർന്ന നാടൻ ഭക്ഷ്യോൽപ്പന്നങ്ങൾ, കൃഷിക്കാവശ്യമായ ജൈവവള കീടനാശിനികൾ, കൃഷി വിജ്ഞാന പുസ്തകങ്ങൾ എന്നിങ്ങനെ പലതും ചേർന്നപ്പോൾ അതു പോയകാലത്തെ നാട്ടുചന്തയുടെ ചന്തം പകരുന്ന ദൃശ്യമായി.

കേരളപ്പിറവിയുടെ സുവർണ്ണജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ആറങ്ങോട്ടുകര കലാപാഠശാലയും മൈത്രി സ്വയംസഹായ വനിതാസംഘവും ദേശമംഗലം ഗ്രാമപഞ്ചായത്തും ഒരുമിച്ചാണ് കൊയ്ത്തുൽസവത്തിന് അരങ്ങൊരുക്കിയത്.

വൃശ്ചികമഞ്ഞണിഞ്ഞ കതിർമുഖങ്ങളിൽ പുലരിവെട്ടം തിരിയിട്ടു തെളിയിക്കുന്ന നേരത്ത് ആറങ്ങോട്ടുകര ശിവനും സംഘവും ഉത്സവത്തിന് കേളി കൊട്ടി.

വിളവിറക്കിയ കർഷകർ കൂടിയായ സംഘാടകർക്കൊപ്പം അരിവാളുമായി കണ്ടത്തിലിറങ്ങിയ എസ്. അജയകുമാർ എം.പി. കൊയ്ത്തുൽസവത്തിന് തുടക്കമിട്ടു. തുടർന്ന് ഈ വിളവെടുപ്പുത്സവത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അദ്ദേഹം സംസാരിച്ചു.

സ്വന്തം മകനെപ്പോലെ മണ്ണിനെ സ്നേഹിച്ചവരായിരുന്നു നമ്മുടെ കർഷകർ. എന്നാലിന്ന് ആഗോളീകരണത്തിന്റെ കെണികളിൽപെട്ട് അവർ കിട്ടിയ കാശിന് മണ്ണ് വിൽക്കുന്നു. മകനെ കയറ്റി അയക്കുന്നു. പിന്നെ തെരുവോരത്ത് അഞ്ചുസെന്റ് വാങ്ങുന്നു. ഇനിയും മണ്ണുകാണുകയേ വേണ്ട എന്ന മട്ടിൽ ആകെ സിമന്റുകൊണ്ട് മൂടിയ പുരിയിടത്തിൽ അനിശ്ചിതമായ മണി ഓർഡറും കാത്ത് കാലം കഴിക്കുന്നു.

മുണ്ടുമുറുക്കിയുടുത്ത് എത്രയോ കനൽ കാലങ്ങളെ ധീരമായി ചവിട്ടി കടന്നുപോകുന്ന കർഷകൻ ഇന്ന് കമ്പോളത്തിന്റെ മായാമോഹങ്ങളിൽപ്പെട്ട് തളരുന്നു. നിരാശനായി കടത്തിലാണ്ട് ആത്മഹത്യ ചെയ്യുന്നു. ഇങ്ങനെയുള്ള കാലത്തിന്റെ തിരിച്ചറിവ് പ്രതിരോധത്തിന്റെയും കൂട്ടുകൃഷിയിലേക്കിറങ്ങിയ ആറങ്ങോട്ടുകരയിലെ കലാസാംസ്കാരിക പ്രവർത്തകരെ എം.പി. ഉള്ളുതുറന്ന് അഭിനന്ദിച്ചു.

വേദിയിൽവെച്ച് മൈത്രി സ്വയം സഹായ വനിതാസംഘം ജൈവകൃഷിയിലൂടെ നിർമ്മിച്ച ഭക്ഷ്യോത്പന്നങ്ങളുടെ വിതരണോദ്ഘാടനം കൃഷി ഓഫീസർ നിർവ്വഹിച്ചു.

തുടർന്ന് നടന്ന കർഷകസംഗമത്തിൽ ദേശമംഗലം ഗ്രാമപഞ്ചായ

ത്തിലെ പാടശേഖര സമിതി ഭാരവാഹികളും പഞ്ചായത്തധികാരികളും കൃഷി ഉദ്യോഗസ്ഥരും ഒട്ടേറെ കർഷകരും പാഠശാല പ്രവർത്തകരും കുടുംബശ്രീ അംഗങ്ങളും പങ്കുകൊണ്ടു.

ആറങ്ങോട്ടുകരയിൽ കൂട്ടുകൃഷിക്കു നേതൃത്വം നൽകുന്ന പാഠശാലയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ നാടകരചയിതാവും പ്രമുഖ അഭിനേത്രിയും അതോടൊപ്പം സജീവ കൃഷിക്കാരിയും കൂടിയായ കെ.വി. ശ്രീജ വിശദീകരിച്ചു. വർഷങ്ങൾക്കുമുമ്പെ സ്വന്തം നിലയ്ക്ക് ജൈവകൃഷി പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ചു. കഴിഞ്ഞ അഞ്ചുകൊല്ലമായി മൈത്രി കുടുംബശ്രീയുമായി ചേർന്ന് ചെയ്തുവരുന്നു. കൃഷിയുടെ വിസ്തൃതിയും, വൈവിധ്യവും വർദ്ധിക്കുന്നുണ്ട്. ഇക്കൊല്ലം അഞ്ച് ഏക്കറിൽ വിളവിറക്കി. നെല്ല്, മധുരക്കിഴങ്ങ്, കപ്പ, ഉഴുന്ന്, മുതിര, പച്ചക്കറികൾ എന്നിവയൊക്കെ കൃഷിചെയ്യുന്നു. പ്രശ്നങ്ങളും പ്രതിസന്ധികളും ധാരാളം ഉണ്ട്. എന്നുവെച്ച് ഉപേക്ഷിക്കാവുന്ന ഒന്നല്ല നെൽകൃഷി. പകരം വെക്കാനില്ലാത്തതാണത്. അറച്ചു നിൽക്കാതെ സ്വയം ഇടപെടുക, ഇടപെടാൻ, മറ്റുള്ളവരെയും പ്രേരിപ്പിക്കുക, ഇടപെട്ടുകൊണ്ട് പഠിക്കുക, പഠിച്ചുകൊണ്ട് ഇടപെടുക അതുവഴി കൃഷിയിൽ മാത്രമല്ല വിദ്യാഭ്യാസം, കുടിൽ വ്യവസായം കല, സംസ്കാരം തുടങ്ങി ഗ്രാമീണ ജീവിതത്തിന്റെ എല്ലാ മേഖലകളിലും തനതായ ഒരിടം കണ്ടെത്തുക അത് ദേശത്തിന്റെ മൊത്തം ഇടമാക്കി വികസിപ്പിക്കുക. എന്നിങ്ങനെയൊക്കെയുള്ള സമീപനമാണ് പാഠശാലകൾക്കുള്ളത്'. കർഷകർ ഓരോരുത്തരായി അനുഭവങ്ങൾ പങ്കുവെച്ചു. നിർദ്ദേശങ്ങൾ മുന്നോട്ടുവെച്ചു. കൃഷി അപ്രായോഗികമാണ് എന്നു പറയുന്നവർക്ക് ഒരു മറുപടിയാണ് ദേശമംഗലത്തെ വാളേരി ഗോപാലകൃഷ്ണൻ നായർ എന്ന കർഷകൻ. സ്വന്തമായുള്ള പത്തേക്കറിലും കൂടാതെ നാൽപ്പതേക്കർ പാട്ടത്തിനെടുത്തും കൃഷി ചെയ്യുന്ന ഇദ്ദേഹം ഓരോ വർഷവും വിള, വിസ്തൃതി കൂട്ടുകയാണ്. സ്വന്തമായി കാർഷിക യന്ത്രങ്ങളും സ്ഥിരം തൊഴിലാളികളും ഉണ്ട് ഇദ്ദേഹത്തിന്.




വിത്ത്, വെള്ളം, വളം, തൊഴിലാളികൾ, യന്ത്രങ്ങൾ തുടങ്ങിയവ ലഭ്യമാക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ, രോഗകീടബാധ, കൂടിയ കൃഷിചെലവ്, വിപണന പ്രതിസന്ധി തുടങ്ങി കണ്ടെത്തിയ നിരവധി പ്രശ്നങ്ങളും മുന്നോട്ട് വെയ്ക്കപ്പെട്ട പരിഹാര സമീപനങ്ങളും ക്രോഡീകരിച്ച് സമഗ്രമായ ജൈവ കൃഷി രേഖയുണ്ടാക്കുവാനും അത് ഗ്രാമപഞ്ചായത്തിന് സമർപ്പിക്കുവാനും സംഗമത്തിൽ തീരുമാനമായി. കാർഷിക മേഖലയിലെ ഈവിധ നവോത്ഥാന പരിശ്രമങ്ങൾക്ക് പഞ്ചായത്തധികാരികൾ എല്ലാ പിന്തുണയും നൽകി.

സംഘാടകർ ജൈവകൃഷിയിലൂടെ സ്വന്തമായി വിളയിച്ച കുത്തരിയും പച്ചക്കറികളും കൊണ്ട് തയ്യാറാക്കപ്പെട്ട കഞ്ഞിയും, പുഴുക്കും, ചമ്മന്തിയും ചേർന്ന ഉച്ചഭക്ഷണം കേമമായി. പാടത്തിനരികിലെ മാവിൻ തണലിൽ കുത്തിയെടുത്ത് പച്ചപ്ലാവില കയ്യിലുമായി എല്ലാവരും വട്ടമിട്ടിരുന്ന് കഞ്ഞികുടിച്ചു. അയൽപ്പക്കങ്ങളിൽ കൊയ്തുകെട്ടുന്നവരും വീട്ടമ്മമാരും കഞ്ഞിസദ്യയിൽ പങ്കുകൊണ്ടു. ഉച്ചക്കുശേഷം നടന്ന ജൈവകൃഷി സെമിനാറിൽ 'ഒരേഭൂമി, ഒരേജീവൻ' കൂട്ടായ്മയുടെ പ്രസിഡണ്ട് കെ.വി. ദയാൽ കൃഷിയുടെ പ്രാഥമിക പാഠങ്ങളെക്കുറിച്ച് ക്ലാസെടുത്തു. പ്രമുഖ ജൈവകർഷകനും മുൻവിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുമായ കെ. ബഷീർ, പരിസ്ഥിതി പ്രവർത്തകനായ സി. രാജഗോപാലൻ പാഠശാലയിലെ ശ്രീജ എന്നിവരും സംസാരിച്ചു.



സന്ധ്യയ്ക്ക് 'വയലി' നാട്ടുകൂട്ടം നാടൻപാട്ട് അവതരിപ്പിച്ചു. തുടർന്ന് നടന്ന സാംസ്കാരിക സമ്മേളനത്തിൽ കവി പി.പി. രാമചന്ദ്രൻ, വി.കെ. ശ്രീരാമൻ തുടങ്ങിയവർ പങ്കെടുത്തു. കാലപരിണാമത്തിൽ വേർപിരിഞ്ഞ കലയേയും കൃഷിയേയും കൂട്ടിയിണക്കാനുള്ള ഈ ദേശകൂട്ടായ്മ പുതിയ പ്രതീക്ഷകൾ തരുന്നുവെന്ന് പി.പി. രാമചന്ദ്രൻ അഭിപ്രായപ്പെട്ടു.

അരനൂറ്റാണ്ടിനുമുമ്പ് കവി ഇടശ്ശേരി രചിച്ച കൂട്ടുകൃഷി നാടകത്തോടെയായിരുന്നു കൊയ്ത്തുത്സവത്തിന്റെ പരിസമാപ്തി. നരിപ്പറ്റ രാജുവിന്റെ സാക്ഷാത്കാരത്തിൽ പൊന്നാനി നാടകവേദിയാണ് നാടകം അവതരിപ്പിച്ചത്.

വിളവെടുപ്പുകഴിഞ്ഞ വയലിന്റെ പുന്നെല്ലുഗന്ധം വിട്ടുമാറാത്ത അന്തരീക്ഷത്തിൽ നാട്ടുകൂട്ടത്തിനു നടുവിൽ സ്റ്റേജോ, മേൽക്കൂരയോ ഇല്ലാതെ അവതരിപ്പിച്ച നാടകം, കണ്ടവരുടെയെല്ലാം ഹൃദയത്തിലേക്ക്, മണ്ണും മനുഷ്യനും കൂടിക്കുഴഞ്ഞു ജീവിച്ച ഒരു കാലഘട്ടം പോലെ പെയ്തു നിറയുകയായിരുന്നു. നാടകത്തിലെ കർഷകകഥാപാത്രങ്ങളെ അവതരിപ്പിച്ച നാരായണനും ശ്രീജയും ആപ്പീസ് ഉദ്യോഗം മാറ്റിവെച്ച് പകലന്തിയോളം പാടത്തിറങ്ങി പണിയെടുക്കുന്നവരാണ്. ജീവിതത്തിലെ കൂട്ടുകൃഷിയും നാടകത്തിലെ കൂട്ടുകൃഷിയും ഇങ്ങനെ ഒന്നായിതീരുന്ന അനുഭവമാണ് ഈ കൊയ്ത്തുത്സവം നാട്ടുകാർക്ക് നൽകിയത്.

ദേശത്തനിമകളും ജീവിതമൂല്യങ്ങളും തുടച്ചുമാച്ചും വെളിച്ചങ്ങൾ ഒന്നൊന്നായി ഊതിക്കെടുത്തിയും മനുഷ്യരെ കമ്പോളത്തിന്റെ വെറും അടിമകളാക്കി കൊണ്ടു ആസുരഭാവം കൈക്കൊള്ളുന്ന ആഗോളീകരണ കാലത്ത് കലാസാംസ്കാരിക പ്രവർത്തകർ എന്തെടുക്കുകയാണ് എന്ന ചോദ്യം ഉറക്കെ ചോദിക്കപ്പെടേണ്ടിയിരിക്കുന്നു.

സ്വന്തം നാടിന്റെ പശിമനിലങ്ങളിലേക്കിറങ്ങി കുനിഞ്ഞ് നിന്ന് വിയർത്തു പണിയെടുക്കുകയും അത് നോക്കി നിൽക്കുന്ന നാട്ടുകാരോട് കൂടെ ചേരാൻ സ്നേഹത്തോടെ ആഹ്വാനം ചെയ്യുകയും ചെയ്യുന്ന ആറങ്ങോട്ടുകരയിലെ നാടകകലാസംഘത്തിന്റെ 'പാഠശാല' പ്രബുദ്ധ കേരളത്തിനു വഴികാട്ടുകയാണ്. മണ്ണു തൊടാനറയ്ക്കുന്ന 'ബുദ്ധി' ബുദ്ധിയല്ല എന്ന് പ്രവൃത്തിയിലൂടെ പ്രഖ്യാപിക്കുകയാണ്.

മണ്ണിലും മനസ്സിലും കൂട്ടുകൃഷിക്കു തയ്യാറുള്ളവരാരോ അവർക്ക് ജീവിതത്തെ സ്നേഹസമൃദ്ധികളുടെ വിളവെടുപ്പുത്സവമാക്കിത്തീർക്കാം എന്ന സർഗ്ഗസന്ദേശം, ഇനിയും പൂർണ്ണമായി മരവിക്കാത്ത മലയാളത്തിന്റെ ഹൃദയത്തിൽ എഴുതി ചേർക്കുകയാണ് ആറങ്ങോട്ടുകരയിലെ 'പാഠശാല'.